1. പള്ളം-ചെങ്ങന്നൂർ 110 കെ.വി.നം.1- ഫീഡർ
2. പള്ളം-ചെങ്ങന്നൂർ 110 കെ.വി.നം.11-ഫീഡർ
3. ചെങ്ങന്നൂർ-ഇടപ്പോൾ 110 കെ.വി. നം.1- ഫീഡർ
4. ചെങ്ങന്നൂർ-ഇടപ്പോൾ 110 കെ.വി.നം.11-ഫീഡർ

ചെങ്ങന്നൂർ സബ് സ്റ്റേഷനിൽ 110 കെ.വി. യുടെ നാല് സബ്സ്റ്റേഷനുകൾ സ്ഥാപിച്ച് ഐസൊലേറ്റർ വഴി കൺട്രോൾ സ്ഥാപിച്ചു. മേൽപ്പറഞ്ഞ നാല് 110 കെ.വി.ഫീഡറുകളിൽ നിന്നും വൈദ്യുതി ചെങ്ങന്നൂർ-സബ്സ്റ്റേഷനിലേക്ക് സ്വീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കി.

(ഡി) പ്രസ്തുത ജോലിക്കായി 96.53 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

**പുൽപ്പള്ളി കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ്**

**99 (266)** ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ പുൽപ്പള്ളിയിൽ കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ആഫീസ് സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുൽപ്പള്ളി സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ നയം നടപ്പാക്കി കഴിഞ്ഞു മാത്രമേ, പുതിയ ആഫീസുകളുടെ രൂപീകരണം സംബന്ധിച്ച ആവശ്യങ്ങൾ വൈദ്യുതി ബോർഡ് പരിഗണിക്കുകയുള്ളു.

**കണക്റ്റഡ് ലോഡ് കുറച്ച് കാണിക്കുന്നതായി പരാതി**

**100 (267)** ശ്രീ. ബി. വിജയകുമാർ:
ശ്രീ. പി. ജെ. ഫ്രാൻസിസ്:
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശാഭിമാനി പത്രത്തിന്റെ ഏതെങ്കിലും യൂണിറ്റിൽ കണക്റ്റഡ് ലോഡ് കുറച്ചു കാണിക്കുന്നതായി ഇലക്ട്രിസിറ്റി ബോർഡിന്റെ ആഡിറ്റ് വിഭാഗം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് യൂണിറ്റിലാണ് കുറവ് കണ്ടത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ റിപ്പോർട്ടിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) പുത്തൻചന്ത ഇലക്ട്രിക്കൽ മേജർ സെക്ഷനിൽ 7029 കൺസ്യൂമർ നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള തിരുവനന്തപുരം യൂണിറ്റിൽ കൂടുതൽ കണക്റ്റഡ് ലോഡുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് ബി.എസ്.യൂണിറ്റിന്റെ പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(സി) അന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിൽ പ്രസ്തുത കൺസ്യൂമർ നമ്പരിന്റെ കണക്റ്റഡ് ലോഡ് 30 കിലോവാട്ട് ആയി രേഖപ്പെടുത്തിയിരിക്കുന്നതായും, പ്രസ്തുത കൺസ്യൂമർ ഒരു പത്രസ്ഥാപനമായതിനാൽ കണക്റ്റഡ് ലോഡ് വർദ്ധിച്ചിരിക്കാൻ സാദ്ധ്യതയുണ്ടെന്നും, ആയതിനാൽ പരിശോധിച്ച് നിയമാനുസൃതമായ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

(ഡി) ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കീഴൂർ 11 കെ.വി.സബ്സ്റ്റേഷന്റെ പണി**

**101 (268)** ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യോളി പഞ്ചായത്തിലെ കീഴൂർ എന്ന സ്ഥലത്ത് സ്ഥാപിക്കുന്ന 11 കെ.വി. സബ്സ്റ്റേഷന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ പണി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശം;

(സി) പ്രസ്തുത പണി പൂർത്തിയാവുമ്പോൾ ഏതെല്ലാം മേഖലകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കീഴൂരിലുള്ള മേലടി 33/11 കെ.വി. സബ്സ്റ്റേഷന്റെ സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. "ടേൺ കീ" അടിസ്ഥാനത്തിൽ പണി പൂർത്തീകരിക്കാനുള്ള ദർഘാസുകൾ ബോർഡിന്റെ പരിഗണനയിലാണ്.

(ബി) 2000-ാമാണ്ട് അവസാനത്തോടെ ജോലി പൂർത്തീകരിച്ച് സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പണി പൂർത്തിയാക്കുമ്പോൾ താഴെപ്പറയുന്ന ഗ്രാമങ്ങളിലെ വോൾട്ടേജ് നിലമെച്ചപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly